പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1219

04/02/2019-ൽ മറുപടിയ്ക്ക്

**പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ**

ചോദ്യം: ശ്രീ.എം.ഉമ്മർ

മറുപടി: പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി ആരംഭിച്ച മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് , ശ്രദ്ധ, നവപ്രഭ തുടങ്ങിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എ) ഉണ്ട്.

'മലയാളത്തിളക്കം' : മാതൃഭാഷാ പ്രാവീണ്യം നേടുന്നതിനു നടപ്പിലാക്കുന്ന പദ്ധതിയാണ്.

ഹലോ ഇംഗ്ലീഷ് : ഇംഗ്ലീഷ് ഭാഷയിൽ മികവ് നേടുന്നതിന് ഉപയോഗിക്കുന്നു.

നവപ്രഭ, ശ്രദ്ധ : പഠനപ്രയാസം നേരിടുന്ന കുട്ടികൾക്ക് പഠനപുരോഗതി കൈവരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ്.

ഈ പദ്ധതികളുടെ വിലയിരുത്തൽ സമയാസമയങ്ങളിൽ നടത്തിയിട്ടുള്ളതും കുട്ടികൾ കൈവരിച്ച അക്കാദമിക മികവ് സംബന്ധിച്ച റിപ്പോർട്ട് അതതു സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ബി) ഓരോ സ്കൂളിലും തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അക്കാദമിക മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികൾ ഉണ്ടാക്കി ഓരോ സ്കൂളുകളും അഞ്ച് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

(സി) കുട്ടികളിലെ പഠന മികവിനുള്ള പ്രോത്സാഹനമായി ആരംഭിച്ച സർഗ്ഗോത്സവം എന്ന പദ്ധതി എത്രത്തോളം ഫലപ്രദമായിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ ?

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 ഏപ്രിൽ മാസത്തിൽ കുട്ടികളിലെ പഠന മികവ് സമൂഹവുമായി പങ്കുവെക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ അക്കാദമിക മികവിനു വേണ്ടിയുള്ള പ്രവർത്തനങ്ങളെ 'സർഗ്ഗോൽസവം' എന്ന പേരിൽ തീരുമാനിക്കുകയും പിന്നീട് അത് 'മികവുൽസവം' എന്ന പേരിൽ നടത്തുകയുമുണ്ടായി. ഈ വർഷം കുട്ടികളുടെ പഠന മികവ് സമൂഹവുമായി പങ്കുവെക്കുന്നതിന് പഠനോത്സവം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ജനുവരി അവസാന വാരം മുതൽ പ്രവേശനോത്സവം വരെ നീണ്ടു നിൽക്കുന്നു.

Namitha P

സെക്ഷൻ ഓഫീസർ